(ബി) നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരുന്ന സബ് സ്റ്റേഷനുകൾ ഏവ; ഓരോ സബ്സ്റ്റേഷനും എപ്പോൾ പ്രവർത്തനസജ്ജമാകുമെന്ന് വ്യക്തമാക്കുമോ;

(സി) 2005 മുതൽ അടുത്ത അഞ്ച് വർഷ കാലയളവിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന സബ് സ്റ്റേഷനുകൾ ഏവ; ഇതിനായി എന്തു തുക ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) 2001-02 മുതലുള്ള ഓരോ വർഷവും പ്രവർത്തനം ആരംഭിച്ച സബ്സ്റ്റേഷനുകളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.† ഇവയിൽ കണ്ടശ്ശാൻകടവ് 110 കെ. വി. സബ്സ്റ്റേഷൻ, പത്തനാപുരം 66 കെ. വി. സബ്സ്റ്റേഷൻ, പറപ്പൂക്കര, വാടാനപ്പള്ളി എന്നീ 33 കെ. വി. സബ്സ്റ്റേഷനുകളുടെയും പ്രവർത്തനം മേൽപ്പറഞ്ഞ കാലയളവിൽ പൂർണ്ണമായി പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ബി) ഇപ്പോൾ നിർമ്മാണത്തിലുള്ള സബ്സ്റ്റേഷനുകളും അവ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള തീയതിയും അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

(സി) 2005 മുതൽ അടുത്ത അഞ്ച് വർഷക്കാലയളവിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഭരണാനുമതി നൽകിയ സബ്സ്റ്റേഷനുകളും, അവയുടെ അടങ്കൽ തുകയും അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

മഞ്ചേരി മണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ

24 [2641] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി മണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിന് മിനിമം ഗ്യാരണ്ടി വച്ച പ്രവൃത്തികൾ എത്ര; എന്നാണ് ഗ്യാരണ്ടി വച്ചത്;

(ബി) ഇതിൽ കാർഷിക പ്രവൃത്തികൾ എത്ര; ഏതെല്ലാം;

(സി) ഗാർഹിക പ്രവൃത്തികൾ എത്ര; ഏതെല്ലാം?

ഉത്തരം

(എ) 40 എണ്ണം. ഗ്യാരണ്ടി വച്ച തീയതിയുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി & സി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

† അനുബന്ധം XII, XII 'എ', XII 'ബി'

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly